# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.472** — **27.09.2016 ൽ മറുപടിയ്ക്ക്**

## വായ്പക്കുടിശ്ശിക എഴുതിത്തള്ളുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.ആർ. രാമചന്ദ്രൻ | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സഹകരണ വകുപ്പ് ഏതെങ്കിലും വിഭാഗത്തിനെ വായ്പാ ബാധ്യതയിൽ നിന്ന് മോചിപ്പിക്കുന്നതിനായി പദ്ധതി തയ്യാറാക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) നിലവിൽ തയ്യാറാക്കുന്നില്ല. |
| (ബി) സാധുക്കളും രോഗികളും ശയ്യാവലംബികളുമായ ആൾക്കാരുടെ വായ്പക്കുടിശ്ശിക എഴുതിത്തള്ളുന്നതിന് സർക്കാരിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;<br><br>(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ബി) യും (സി) യും മാരക രോഗങ്ങളായ ക്യാൻസർ, എയ്ഡ്സ് രോഗ ബാധിതർ. ഹൃദയസംബന്ധമായ ശസ്ത്രക്രിയക്ക് വിധേയരായവർ, വൃക്ക സംബന്ധമായ അസുഖങ്ങൾ മൂലം ഡയാലിസിസിന് വിധേയരായവർ. പക്ഷാഘാതം മൂലമോ അപകടം മൂലമോ കിടപ്പിലായവർ തുടങ്ങി വായ്പയെടുത്ത ശേഷം മാരക രോഗം പിടിപെട്ടവരുടെ വായ്പ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്ന കേസുകളിൽ വായ്പാ മുതലിനത്തിൽ 75,000/- രൂപയുടെ ആനുകൂല്യം നൽകുന്ന റിസ്ക് ഫണ്ട് പദ്ധതി നിലവിലുണ്ട്. മറ്റ് പദ്ധതികൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ